നം. എം. 4/39122/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി: 14.06.2017.
ഫോൺ: 0471 - 258 0595; msndpi@gmail.com.

# സർക്കുലർ

വിഷയം : പൊ.വി.വ. - കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ - സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് - ട്രോൾ ഫ്രീ നമ്പർ - നിർബന്ധമാക്കുന്നത് - ശുദ്ധി പത്രം - സംബന്ധിച്ച് -

സൂചന : 1. 19.05.2017 ലെ ജി 3/235/2017/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.

2. എച്ച്.ആർ.എം.പി. നമ്പർ: 2843/2017/റ്റി.എസ്.ആർ- 2017, ഏപ്രിൽ 11 ലെ ഉത്തരവ്.

3. ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 03.06.2017 ലെ സർക്കുലർ.

***************************

സൂചന (3) സർക്കുലർ റദ്ദാക്കുകയും ആയതിനുപകരമായി ഈ സർക്കുലർ പുറപ്പെടുവിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ നിയമപാലനം ശക്തമാക്കുന്നതിനും ബോധവല്ക്കരണത്തിനുമായി ടോൾ ഫ്രീ നമ്പർ നിർബന്ധമാക്കണമെന്നുള്ള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ലഭിച്ച പരാതി പരിഗണിച്ചു കൊണ്ട് പ്രസ്തുത വിഷയത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.
2. ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പരായ 1098 എല്ലാ സ്കൂളുകളിലും ഓഫീസുകളിലും പ്രദർശിപ്പിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും